(ഇ) വ്യവസായ വികസന കോർപ്പറേഷൻ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളും ചെറിയ പദ്ധതികളായതിനാൽ അവയ്ക്ക് കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ അംഗീകാരം ആവശ്യമില്ല.

ടിൻ കല്ലാർ പ്രോജക്ട്

52 [2005] ശ്രീ. എ. പത്മകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്ധ്യ തിരുവിതാംകൂറിന്റെ കാർഷിക വൈദ്യുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിഭാവനം ചെയ്തിരുന്ന ടിൻ കല്ലാർ പ്രോജക്ട് നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ടിൻ കല്ലാർ ജല വൈദ്യുത പദ്ധതിയുടെ പ്രാരംഭ റിപ്പോർട്ട് ബോർഡ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുവാൻവേണ്ട നടപടികൾ വൈദ്യുതി ബോർഡ് സ്വീകരിച്ചിട്ടുണ്ട്.

പൂയംകുട്ടി ജലവൈദ്യുത പദ്ധതി

53 [2008] ശ്രീ. ഇ. ശങ്കരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂയംകുട്ടി ജലവൈദ്യുത പദ്ധതിക്ക് കേന്ദ്രാനുമതി ആവശ്യപ്പെട്ടുകൊണ്ട് ഇതുവരെ എത്ര കത്തുകൾ അയച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത വൈദ്യുത പദ്ധതിക്കു കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ;

(സി) ഈ പദ്ധതിയിൽനിന്നും എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിക്ക് കേന്ദ്രാനുമതി നിഷേധിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിരവധി കത്തുകൾ അയച്ചിട്ടുണ്ട്.

(ബി) കേന്ദ്ര വനം പരിസ്ഥിതി വകുപ്പിന്റെ അനുമതി ഇതുവരെ ലഭിച്ചിട്ടില്ല.

(സി) പ്രസ്തുത പദ്ധതിയുടെ സ്ഥാപിതശേഷി 240 മെഗാവാട്ട് ആണ്.

(ഡി) പ്രസ്തുത പദ്ധതിക്ക് അന്തിമമായി അനുമതി നിഷേധിച്ചിട്ടില്ല.

വൈദ്യുതി ബോർഡിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) നിയമനം

54 [2009] ശ്രീ. കെ. പി. നൂറുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹൈക്കോടതിയുടെ 12-12-1995-ലെ ഉത്തരവിൻ പ്രകാരം വൈദ്യുതി ബോർഡിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ടോ;

(ബി) കോടതിയുടെ ഇടക്കാല വിധിപ്രകാരം ഈ തസ്തികയിൽ നിലവിലുള്ള ഒഴിവുകളിൽ എത്രപേരെ 20-2-1996 വരെയുള്ള കാലയളവിൽ നിയമിച്ചു; നിയമനം ലഭിക്കാത്തവരെ എത്ര ദിവസത്തിനുള്ളിൽ നിയമിക്കും എന്ന് വെളിപ്പെടുത്തുമോ;

(സി) ഡിപ്പാർട്ടുമെന്റൽ നിയമനം, പ്രമോഷൻ എന്നീ രീതിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ എത്രപേരെ 15-12-1995-ന് ശേഷം വൈദ്യുത ബോർഡിൽ നിയമിച്ചു; ഇതിൽ നിയമാനുസൃതമായ അനുപാതം പാലിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) 29-2-1996 വരെ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ എത്ര ഒഴിവുകൾ നികത്താനുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഇ) ഈ തസ്തികയിൽ അപ്പ്രഗ്ഡേഷൻവഴി എത്രപേരെ നിയമിച്ചു; ഇതിന് പി.എസ്.സി.-യുടെ അനുമതി ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly